ശ്രീചിത്രാവലി.

പാതാളരാമായണം

കിളിപ്പാട്ട്.

ശ്രീചിത്രതിരുനാൾ ഗ്രന്ഥശാല,
തിരുവനന്തപുരം.

ശ്രീചിത്രാവലി.

ശ്രീ ചിത്രതിരുനാൾ മഹാരാജാവു തിരുമനസ്സിലെ
കിരീടധാരണമഹോത്സവം പ്രമാണിച്ചു
ശ്രീ ചിത്രതിരുനാൾ ഗ്രന്ഥശാലവകയായി
പ്രസിദ്ധപ്പെടുത്തുന്നത്.

നമ്പർ ൩.

പാതാള രാമായണം.

(കിളിപ്പാട്ട്)

ഗോത്രാലങ്കാരമായബ്ജനേത്രാനുഗ്രഹപാത്രമായ്
ചിത്രാനക്ഷത്രജൻ ധാത്രീസൂത്രാമാവു ജയിക്കണം.

'ശ്രീധര' മുദ്രാലയം,
തിരുവനന്തപുരം.

പ്രസ്താവന.

"പുനാതു ഭുവനം പുണ്യാ രാമായണമഹാനദീ."

"രാമായണമഹാമാലാരത്നം വന്ദേനിലാത്മജം."

ശ്രീചിത്രാവലി ഗ്രന്ഥമാലയിൽ മൂന്നാംപുസ്തകമായി പ്രസിദ്ധപ്പെടുത്തുന്ന ഈ പാതാളരാമായണം കിളിപ്പാട്ട് പണ്ടത്തെ പ്രധാനഭാഷാകവികളിൽ ഒരാളും വാല്മീകിരാമായണം ഭാഷാഗാനം മുതലായ പല ഗ്രന്ഥങ്ങളുടേയും കൎത്താവുമായ വടക്കൻകോട്ടയത്തു കേരളവൎമ്മരാജകവിയുടെ ലഘുകൃതികളിൽപ്പെട്ടതാണ്. ആദികവിയായ ശ്രീവാല്മീകിമഹൎഷിയിൽനിന്നു പുറപ്പെട്ട രാമായണകഥാമഹാനദിക്കു പല കൈവഴികളുംഉള്ളതിലൊന്നാണ് ഇതിലേയും ഇതിവൃത്തം. രാമായണമഹാമാലാരത്നമായ അനിലാത്മജൻെറ അനേകപരാക്രമങ്ങളിൽ ഒരംശമാണ് ഇതിൽ പ്രധാനമായി വിവരിച്ചിട്ടുള്ളതും. സ്വതന്ത്രസ്വാതന്ത്ര്യനായ കേരളവൎമ്മരാജകവി പ്രസ്തുതകൃതിയിൽ ശബ്ദത്തെക്കാൾ അൎത്ഥത്തിനാണ് അധികം പ്രാധാന്യം കൊടുത്തുകാണുന്നത്. എന്നുമാത്രമല്ല,

"രണ്ടു ശൈലങ്ങൾ തമ്മിൽ പൊരുംപോലെയും"

എന്നിങ്ങനെ ഒന്നുരണ്ടു സ്ഥലങ്ങളിൽ എഴുത്തച്ഛൻെറ പദ്യഭാഗത്തെ യാതൊരു മാററവും ചെയ്യാതെ തന്നെ എടുത്തുചേൎത്തുകാണുന്നതുമുണ്ട്. അതിനാൽ ആകപ്പാടെ കഥ ഭംഗിയായിപ്പറയണമെന്നു മാത്രമേ പ്രസ്തുത ഗ്രന്ഥ

തെപ്പററിയടത്തോളം അദ്ദേഹം കരുതീട്ടുള്ളവെന്നു വിചാരിക്കാവുന്നതാണ്. ഈ ഗ്രന്ഥം നിമ്മിച്ചിട്ടുള്ളത് ആ കവിവൎയ്യൻ തിരുവനന്തപുരത്തു താമസിച്ചിരുന്ന കാലത്താണെന്ന് ഗ്രന്ഥത്തിൻെറ ആരംഭ ഭാഗത്തിൽ ശാരിക വഞ്ചിഭൂപാലനോട്ടു കഥപറയുന്നതായി പ്രസ്താവിച്ചിട്ടുള്ളതിൽനിന്നു മിക്കതും തീർച്ചപ്പെടുത്താവുന്നതുമാണ്.

ഈ ഗ്രന്ഥം ഗ്രന്ഥശാലയ്ക്കു തന്നു സഹായിച്ച ശ്രീമാൻ ആർ. നാരായണപ്പണിക്കർ ബി.എ; അവർകളോടു ഞങ്ങൾക്കുള്ള കൃതജ്ഞതയെ പ്രത്യേകം രേഖപ്പെടുത്തിക്കൊള്ളുന്നു.

തിരുവനന്തപുരം,	പ്രസാധകൻ,
ശ്രീചിത്രതിരുനാൾഗ്രന്ഥശാല	ആററൂർ കൃഷ്ണപ്പിഷാരടി

പാതാള രാമായണം.

ഹരിഃ ശ്രീഗണപതയെനമഃ
അവിഘ്നമസ്തു

പ്രഥമപാദം.

ഭുവനതലമതിൽ മരുവുമമലശുകജാതികൾ-
ക്കത്ഭുതാംഗിയെന്നരികെ വരികെടോ
മധുരതരമുള്ളകദളികനികൾ വിരവോടു നീ
ഭക്ഷിച്ചിരുന്നു തെളിഞ്ഞു പറയണം,
പലകഥകൾ പരിചൊടു പറഞ്ഞു നീയെന്നതിൽ
പാരമൊന്നിങ്കലുണ്ടാശ കേട്ടീടുവാൻ.
പരവനതുമ്പത രവികുലേശനാം രാഘവൻ
ഭാനുപുത്രാദി കപിവരന്മാരൊടും,
രജനിചരവരരെ വിരവോടു കൊന്നൊരുനാൾ
രാവണനന്നനുഷ്ഠിച്ചതങ്ങെന്തെടോ?
ഇതിവചനമലിവിനൊടു വഞ്ചിഭൂപാലകൻ
ചോദിച്ചതുകേട്ടു ചൊല്ലിനാൾ ശാരിക.
സകല നൃപകുലതിലകമകുടമാണിക്യമേ
താൽപരിയാത്ഥമായ് കേട്ടുകൊൾകെങ്കിലോ
രജനിചരനവനിലതിവീരനായുണ്ടുപോൽ
പാതാളരാവണൻ രാവണബന്ധുവായ്,
അവനൊടഴൽപറവതിന്നവിരവിനൊടു രാത്രിയിൽ
വീരൻ ദശാനനും നടന്നീടിനാൻ.

അമരപുരസമമതിലകത്തു ഗമിച്ചവൻ
പാതാളരാവണൻകോയിൽ പുക്കീടിനാൻ
ദശവദനനുടെ വരവു കുതുകമൊടു കണ്ടവ-
നാനിച്ചു സിംഹാസനം കൊടുത്തീടിനാൻ
രജനിചരരിരുവരുമതീവസന്തോഷേണ
സല്ലാപവുംചെയ്തു തമ്മിലന്യോന്യമായ്,
പലവചനമതുപൊഴുതു ദശവദനനോടവൻ
ബന്ധുവക്തവൃന്ദയങ്ങൾ ചോദിച്ചവൻ.
തവസഹജനമിതബലനാം കുംഭകർണ്ണനും
മാനിവിഭീഷണനും സുഖമോ സഖേ?
അമരരിപുവമിതബലനാം മേഘനാദനും
സോദരനാമതികായനുമമ്പിക്കും,
മനസിയതികുതുകമവർ മൂവർക്കുമോതവ
പുത്രൻെറ വിക്രമമത്ഭുതമെത്രയും.
സുരപതിയെ വിരവൊടു രണത്തിൽ ബന്ധിച്ചതും
സൂക്ഷിച്ചു കണ്ടാലൊരുത്തരാൽ സാധ്യമോ?
കമലഭവനൊടുവരമതീവ വാങ്ങിച്ചനിൻ
വീര്യങ്ങളെത്രയും പാരമല്ലോസഖേ!
അതിലുമധികതരമിന്ദ്രജിത്തിനുടെ
വിക്രമം നിന്നുടെ ഭാഗ്യം മഹാഭാഗ്യം
ഇതിവചനമഴൽ പെരുകമുള്ള ദശകന്ധരൻ
കേട്ടാശു ഭൂമിയിൽ മോഹിച്ചു വീണിതു.
പെരുകിനൊരു പരവശതയൊടു മുറവിളിച്ചവൻ
പാരിച്ചു ഖേദേന ചൊല്ലിനാനന്തരം;
ഭുവനതലമതിലൊരുവരെന്നോടു തുല്യരായ്
ഭാഗ്യഹീനന്മാർകളില്ല മററാരുമെ.

പരദുരിതമതിമയൊടു ചെയ്യതിൻെറഫലം
പാരാതെവന്നു ഭവിച്ചു നമുക്കെടോ.
സഹജസുതരമിതബലമുള്ള സൈന്യങ്ങളും
ഒക്കെമരിച്ചു ഞാനേകിയായതും.
സഹജനറികിളയവനതായ വിഭീഷണൻ
ശത്രുമിത്രഭാവുമാചരിച്ചീടിനാൻ.
ഇതിവചനമഴൽ പെരുകി രാവണൻ ചൊന്നള-
വാകുലംതീരുമാറാശു ചൊല്ലീടിനാൻ.
ത്രിഭുവനവുമഴകിനൊടു വാഴുന്നിനക്കൊരു
ശത്രുവായുത്ഭവിച്ചുള്ളവരാരുചൊൽ.
അമരപതിയമപവനവൈശ്വാനരാദിയാം
അഷ്ടദിക്പാലരും വിശ്വജനങ്ങളും,
നിജവശമിതറികറിക മൂന്നു ലോകത്തിലും
പാക്കിൽ ത്രിമൂൎത്തികളല്ലാതയുള്ളവർ.
അറിവതിന്നതിപുചരിതമാദിയേ ചൊല്ലുനി
ആകുന്നപോലുള്ള വേലചെയ്യേനഹം.
അതുപൊഴുതു ദശവദനനുത്തരം ചൊല്ലിനാൻ
താപത്തിനാദിയെ കേൾക്കെടോ കാരണം.
ദിവസകരകുലമതിലയോദ്ധ്യയിൽ ജാതനാ-
യുണ്ടായിതുപോൽ ദശരഥനാം നൃപൻ
അമിതബലമുടയവനു പുത്രരായ് നാലുപേർ
ചക്രപാണിക്കു സമാനരായുണ്ടായി.
അരചർവരനമിതബലവിക്രമൻ രാഘവ-
നഗ്രജൻ മൂന്നാമനായ സൗമിത്രിയും,
ജനകനുടെ വചനമതു കരുതിയവർ കാനനേ
ജാനകിയോടും സുഖിച്ചിരിക്കുന്ന നാൾ,

പരിഭവമൊടവർകൾ മമ സോദരി തന്നുടെ
കർണ്ണനാസാകുചച്ഛേദനം ചെയ്കയാൽ
അവർകളൊടു പൊരുതു വിരവോടു മരിച്ചിതു
വീരൻ ഖരനും പടയോടുകൂടവേ.
അതിനെയറിവതിനു വിരവോടു മൽസോദരി
വന്നു പറഞ്ഞതുകേട്ടു ഞാനും തദാ
അഴൽപെരുകിയതു പൊഴുതഹം രാമപത്നിയെ-
ക്കൊണ്ടു പോന്നേനതു കാരണമായവൻ
രവിതനയനോടു സപദി സഖ്യവും ചെയ്തുടൻ
ഉഗ്രനാം ബാലിയെ നിഗ്രഹിച്ചീടിനാൻ.
കപികളോടു ജലനിധി കടന്നുടനിക്കരെ-
പ്പുക്കുപൊരുതാരതീവഭയം വിനാ.
മനസിയതികുതുകമൊടു വാനരന്മാർ മമ
ശത്രുവാഴുന്നതുമെത്രയുമത്ഭുതം.
അവർകളുടെ രണപടുതകഠിനമോർത്താലഹൊ
അന്തകകിങ്കരരത്ര പോരാ ദൃഢം.
രണമധികപരിഭവമൊടവർകളൊടു ചെയ്കയാ-
ലേററം കെടുതിമദ്ദേഹത്തിനുണ്ടെടോ ;
മനുജവരരവർകളൊടു പൊരുവതിനു ശക്തരായ്,
ഈരേഴുലോകത്തിലാരുമുണ്ടോ സ്വരാ.
ബഹുമതിയൊടവരെയഥ നേരിട്ടുവെല്ലുവാൻ
നാരായണനുമാമല്ലെന്നു നിർണ്ണയം.
അതിലുമുടനധികമിഹ രാഘവന്തന്നുടെ
വീര്യപരാക്രമമെത്രയുമത്ഭുതം.
അവനെയവരജനൊടുമുടനമായയാലഹോ
കൊല്ലുകിൽ പിന്നെജ്ജയം നമുക്കുത്തമം.
അതിബലവുമവർകളുടെ ചരിതമിതുമുന്നമേ

എന്നോടു ചൊന്നെങ്കിലിത്രവന്നീടുമോ ?
ബഹുമതിയൊടവരെയിവിടെക്കൊണ്ടുപോന്നുഞാൻ
ഭദ്രകാളിക്കു ബലി കൊടുത്തീടുവൻ.
അതിനു പുനരൊരു കപടമായി ഞാൻ ചെന്നുടൻ
ഇന്നിശക്കാലയെ കൊണ്ടുപോന്നീടുവൻ.
പുലരുമളവരികളവർ മററുള്ളവർകളെ
നിഗ്രഹിച്ചാനന്ദമോടു വസിക്കനീ.
ഇത്തു കരുതി മനസിയൊരുപീഡയുണ്ടാകാതെ
മാനിദശാനന! പോക ലങ്കാപുരേ.
ഇതികുഘരപതിപറയുമളവുദശകണ്ഠനും,
മോദേന പോവതിന്നായ് തുനിഞ്ഞീടിനാൻ.
രജനിചരനൊടുത്ധടിതിയാത്രചൊല്ലിദ്രുതം
രാമനാശം നിരൂപിച്ചു കൃതാൎത്ഥനായ്,
നിശയിൽ നിശിചരപുരിയിൽ നിന്നു ലങ്കാപുരം
നിൎഗ്ഗമിച്ചാൻദശകണ്ഠനക്കാലമെ!

പ്രഥമപാദം സമാപ്തം.

ദ്വിതീയപാദം

ചൊല്ലു ചൊല്ലിനിയും നീ നല്ല സൽകഥാമൃതം
കല്യാണം വരുവാനായെന്നോടു കിളിപ്പെണ്ണേ!
ചൊല്ലിനാളതുകേട്ടു പൈങ്കിളി മകൾ താനും,
കല്യാണമൂൎത്തിതന്റെ മായാവൈഭവമെല്ലാം.
ചൊല്ലുവനെങ്കിൽ കേട്ടുകൊള്ളുവിനിതിൻശേഷം
അല്ലൽ നീങ്ങിടും രാമചരിതം കേൾക്കുന്തോറും
കല്യന്മാരായ നിശാചാരികളിവയെല്ലാ-
മന്യോന്യം പറഞ്ഞു ഭൂലോകത്തെ പ്രവേശിച്ചാർ.
പാതാള നിശാചരൻ വാനരയൂഥാന്തികേ

മായാവൈഭവാൽ ചെന്നു മറഞ്ഞു നിന്നീടിനാൻ
അന്നേരം രാമാന്തികെ കണ്ടിതു പലതരം
ദുൎന്നിമിത്തങ്ങളതുകണ്ടു സന്താപംപൂണ്ടു
തങ്ങളിൽക്കൂടിനിരൂപിച്ചിതങ്ങതുനേരം
സുഗ്രീവാദികളായ മുഖ്യവാനരന്മാരും.
ആക്കമെ പരമാൎത്ഥം തോന്നാഞ്ഞു വിഭീഷണൻ
ഭാസ്കരസൂനുവോടുപാൎത്തുടനുരചെയ്തു.
കേൾക്കെടോ ദശാനനസഖനായ് പാതാളത്തിൽ
ഭാൎഗ്ഗവസമാനനായുണ്ടൊരുനിശാചരൻ.
വിക്രമശാലിയവന്തന്നോടുദശാനനൻ
ദുഃഖത്തെച്ചൊന്നാൻ കാലനേമിയോടെന്നപോലെ
തൽസഹായത്തിന്നാരുമില്ല മററവനിയിൽ
വിക്രമിയാകുമവനൊഴിഞ്ഞു ദശാസ്യനും.
നിഗ്രഹിപ്പാനായ് നമ്മെ നിദ്രയിലെന്നാകിലും,
ഛിദ്രേണവരുമവൻയാമിനിപോകുംമുമ്പെ.
തത്ര കണ്ടോരു മഹാദുൎന്നിമിത്തങ്ങളതു-
മത്രകാരണമിപ്പോൾ മറെറാന്നല്ലറിഞ്ഞാലും.
ഇത്തരം വിഭീഷണൻ ചൊന്നതുകേട്ടനേരം,
എത്രയും ഭീതിയോടും പറഞ്ഞുസൂൎയ്യാത്മജൻ
നിദ്രയെവെടിഞ്ഞു നാമൊക്കവേ സൂൎയ്യോദയം
സത്വരം കാണ്മോളവും പാൎത്തിടുകയേയുള്ളു.
അത്തലുണ്ടിവൎക്കെല്ലാം യുദ്ധവുംചെയ്തേററവും
ബുദ്ധിമുട്ടെന്നാകിലും മറെറാന്നില്ലുപായവും.
ഇത്തരംകേട്ടു വായുപുത്രനുമുടനപ്പോൾ
സത്വരം സുഗ്രീവനെവന്ദിച്ചു ചൊല്ലീടിനാൻ.
അസ്തമിപ്പോളം യുദ്ധംചെയ്തിനിയുറക്കവും
ത്യജിച്ചീടുകയതിൽമരിച്ചീടുകനല്ലു.

പരദുഃഖത്തെയൊഴിച്ചത്തുരക്ഷിപ്പാനായി
പരിചോടൊരുവസ്തു ചെയ്യുൻഞാൻ കേൾക്കെല്ലാരും
ലാംഗ്രുലംവളച്ചോരു കോട്ടയായ് തീൎത്തീടുവൻ
മോദത്തോടതിൽപുക്കവസിക്കാമെല്ലാവരും
നിദ്രയെവെടിഞ്ഞുഞാനരുണോദയത്തോളം
രക്ഷിപ്പൻ ഭവാന്മാരെസ്സാദരംകില്ലില്ലേതും.
ഇത്തരം പവനജൻ പറഞ്ഞോരനന്തരം,
ഉത്തരം വിഭീഷണൻ സത്വരം ചൊല്ലിടിനാൻ,
പോകണം പുറത്തുഭാഗത്തിതിൽ ചിലൎക്കെന്നാൽ
പോവതിന്നൊരുവഴിയെങ്ങനെ ചൊല്ലീടുനീ ?
സങ്കടംകൂടാതകണ്ടതിന്നുണ്ടുപായവും,
പങ്കജവിലോചന ഭക്തനിങ്കേട്ടുകൊൾക.
ഹസ്തേനവാന്മേൽവന്നു തട്ടിഞാനെന്നന്നോട്ടു
സത്യംചൊല്ലിയാൽ വാൽഞാനവിടമിളക്കിടാം.
അങ്ങിനെതന്നെയെന്നു വീരന്മാരൊരുമിച്ചു
തങ്ങളിൽപറഞ്ഞനുഷ്ഠിച്ചിതവ്വണ്ണംതന്നെ
മാരുതിതാനുമപ്പോളവരെച്ചുററിന്നായ്
മേരുസന്നിഭമായ കോട്ട വാൽകൊണ്ടുതീൎത്തു.
മന്ദമാരുതൻപോലുമകത്തുകടക്കാതെ
മന്ദരസമാനമായ് ചമച്ചാൻ ചിത്രം ചിത്രം !
അണ്ണവമവനിയെന്നപോൽ വാതാത്മജൻ
അമ്ഭോജവിലോചനന്മാരെ സൂക്ഷിച്ചപാൎത്താൻ
ഇങ്ങനെയുള്ള വൃത്തമൊക്കവെ ഗ്രഹിച്ചുടൻ
സന്നിധിയിങ്കൽ നിന്നപാതാളനിശാചരൻ
അദ്ധരാത്രിയിൽ വാന്മേൽചെന്നുടൻ തട്ടിനിന്നാ-
നക്ഷദേവാത്മജന്തൻ ഭൃത്യനമതുനേരം.

ആരെന്നുചോദിച്ചപ്പോൾ നേരിന്നേമറച്ചവൻ
വീരാ ഞാൻ വിഭീഷണനെന്നുരചെയ്തീടിനാൻ
പോകണം പുറത്തെന്നുകേട്ടമാരുതിതാനും
വാലിളക്കിനാനുള്ളിൽപുക്കിതു നിശാചരൻ
രാമലക്ഷ്മണന്മാരെയെടുത്തുനടന്നിതു
പാതാളലോകം പ്രാപിച്ചീടിനാന്മോദത്തോടെ.
അന്നേരം വിഭീഷണന്താനുമങ്ങുവന്നിതു
നന്നായ് സൂക്ഷിച്ചനേരം രാമനെക്കണ്ടീലല്ലോ.
സോദരനോടുംകൂടിയെന്തൊരു ചിത്രമെന്നോ-
ർത്താധിപൂണ്ടുടൻ സൂര്യ്യപുത്രനെയുണർത്തിനാൻ.
കണ്ടില്ല രാമന്തന്നെ സ്സൌമിത്രിയോടുമെന്നു
കുണ്ഠഭാവേന ചെന്നു മാരുതിയോടു ചൊന്നാൻ
ഉണ്ടോ നിന്നോടു പറഞ്ഞാരാനുമകംപുക്ക
മുന്നമേ മരുൽസുതാ ചൊല്ലീടുകെന്നോടു നീ.
മുന്നമേ ഭവാനല്ലാതാരുമെ വന്നീലെന്നു
ചൊന്നതുകേട്ടു പേർത്തും ചോദിച്ചു വിഭീഷണൻ
എന്തെന്തു പറഞ്ഞതു മുന്നം ഞാൻ വന്നീലല്ലോ
ചൊല്ലീടു പരമാർത്ഥമുണ്ടായതുള്ളവണ്ണം.
എങ്കിലോ വിഭീഷണനെന്നുരചെയ്തുമുന്നം
എന്നെ വഞ്ചനചെയ്തു കടന്നൊരു പുമാൻ
നിർണ്ണയമെങ്കിലതു പാതാളനിശാചരൻ
അർണ്ണോജവിലോചനന്മാരെക്കൊണ്ടവൻപോയാൻ
മാരുതേ! നിനക്കെന്തു വൈദഗ്ദ്ധ്യം കുറഞ്ഞതു്?
മാരുതോത്ഭവനീയെന്നല്ലോ ചിന്തിച്ചു ഞാനും,
അന്നേരം കപികളുമുണർന്നു മറ്റെല്ലാരും
അർണ്ണോജനേത്രൻ വൃത്തമറിഞ്ഞു ഖേദംപൂണ്ടാർ.

വന്നീടും വിധിമതം വല്ലജാതിയുമെന്നാൽ
നല്ലതെന്തിനിയെന്നു ചിന്തിക്കയെല്ലാവരും.
വല്ലാതെ വദനവും താഴ്ത്തിനിന്നീടുന്നൊരു
ഗന്ധവാഹാത്മജന്റെ ചരിതമെന്തുചൊൽവൂ
ലജ്ജയും ക്രോധം താപമെന്നിവകൊണ്ടേററവും
പീതവർണ്ണമായ് ചമഞ്ഞീടിനാനെന്നേവേണ്ടു.
കല്പാന്തവഹ്നിപോലെ ക്രോധതേജസ്സോടുടൻ
ഉല്പലസഖിപോലെ കോപിച്ചാനതുനേരം.
ഗഹ്വരം പ്രവേശിപ്പാൻ സുഗ്രീവപാദാംബുജം
വന്ദിച്ചു വീണു നമസ്കരിച്ചു തെരുതെരെ.
നിന്നീടുന്നേരം മന്ദം വിളിച്ചു വിഭീഷണൻ
ചൊല്ലിനാനവനോടു പദ്ധതി വൃത്താന്തങ്ങൾ
ഉത്തരദിക്കിൽ മഹാമേരു സന്നിധിയിങ്ക-
ലെത്രയും കുടിലമായുണ്ടൊരു ഗുഹാതലം.
അഗ്ഗുഹതന്നിലുണ്ടു നിർമ്മലപാനീയവും,
അന്നദിയിങ്കലൊരു സരസീരുഹം നിൽപൂ
അപ്പൂവിലുൾപ്പുക്കു പോയിടണം പാതാളത്തിൽ
അത്ഭുതം പാരമതിലുണ്ടെടോ കപിവര.
അക്കനെസ്സേവിക്കേണമതിന്നു മന്ത്രങ്ങളു-
മത്ഭുതമാമ്മാറുരചെയ്തു പിന്നെയും ചൊന്നാൻ.
വിക്രമശാലിയായ പാതാള നിശാചരൻ
എത്രയും പരാക്രമിയെന്നുറച്ചീടേണം നീ.
ഷൾപദജാലമെട്ടുണ്ടവന്റെയുദരത്തിൽ
ഉൽപലോൽഭവന്തന്റെ കല്പിതമറിഞ്ഞാലും.
അക്കാലമറിയാതെയവനെക്കൊന്നീടുവാൻ
ചക്രപാണിക്കുമാമല്ലറിക മഹാമതേ!

അഷ്ടമ മഹാഗിരികൊണ്ടുവന്നുടെയുടൽ
പൊട്ടുമാറടിക്കുമ്പോൾ മരിക്കും വണ്ടുകളും.
ഇപ്രകാരങ്ങളെല്ലാം പറഞ്ഞുബോധിപ്പിച്ചു
കെല്പോടേ പോയാലുമെന്നനുവാദവുംചെയ്താൻ
മാരുതിതാനുമപ്പോളവരെ വന്ദിച്ചുടൻ
മാരുതന്തന്നെക്കാളും വേഗേന നടകൊണ്ടാൻ.
ചിൽപുരുഷാനുഗ്രഹംകൊണ്ടവൻ ചാടിപ്പോയാൻ
ശില്പമായ്ക്കൂർണ്ണായ്‌വന്നു വാസരമെന്നപോലെ
ദ്വാദശ നിശയിങ്കൽ നാഴികയായിതപ്പോൾ
ദ്വാദശാത്മാവു തന്റെ സുതദൂതനുമപ്പോൾ
മുമ്പിനാൽ വിഭീഷണൻ ചൊല്ലിയ ഗുഹാതലം
സങ്കടം കൂടാതെ കണ്ടുമ്പോട്ടുകണ്ടീടിനാൻ
ഗുഹവാരിയിൽ ചെന്നു സൂക്ഷിച്ചുനേരമവൻ
പങ്കജം കൂപ്പിക്കണ്ടു സൂര്യനെ സ്തുതിചെയ്താൻ
ഭാസ്കരദേവ സൂര്യദേവ മാർത്താണ്ഡായതെ,
ദ്വാദശാധീശായതെ മിത്രായ നമോനമഃ
പങ്കജേക്ഷണന്താനും പങ്കജോൽഭവന്താനും
പങ്കജബാണരിപുവാകിയ ഗിരീശനും
പങ്കജമകളായ ഭാരതീദേവിതാനും,
പങ്കജബന്ധുവായ ഭഗവൽപദാംബുജം
സന്തതം സേവിക്കുന്നു കരുണാകരാ പോററി!
ത്വൽപൂജകൊണ്ടെല്ലാർക്കും സൽഗതികൊടുക്കുന്ന
സകലേശ്വരനല്ലോ നിന്തിരുവടി നാഥാ!
ത്വൽകുലജാതനായ രാമോപകാരാർത്ഥമായ്
ത്വൽസുതപ്രീതി നിനച്ചിങ്ങെഴുന്നള്ളീടണം
ഇങ്ങനെ വായുപുത്രസ്തുതികേട്ടൊരുമിത്രൻ

ഇഷ്ടമോദത്തോടടനവിടേയ്ക്കെഴുന്നള്ളി
അന്യദേശങ്ങളൊന്നും ശോഭിച്ചീടാതവണ്ണം
അപ്രദേശത്തെ ശോഭിപ്പിപ്പാനായുദിച്ചതേ
സന്തോഷത്തോടുകൂടി വന്ദിച്ചു മരുൽസുതൻ
സന്തുഷ്ടാത്മാവാം സൂര്യദേവനുമരുൾചെയ്തു.
എന്തിനായ്ക്കൊണ്ടെന്നെ നീ സേവിച്ചുപറഞ്ഞാലും
സന്താപമെല്ലാം തീർത്തു സന്തോഷം പ്രാപിപ്പിപ്പൻ.
എങ്കിലോ രാമന്താനും ലക്ഷ്മണസുഗ്രീവാദി
മുഖ്യന്മാരായ കപിവീരന്മാർ മററുള്ളോരും,
വൻകടൽ കടന്നു ലങ്കാപുരം പ്രവേശിച്ചി-
ട്ടുണ്ടായവൃത്തം പറഞ്ഞീടിനാനതുമൂലം
ഹന്ത പാതാളവാസിയിന്നിശയിങ്കൽ വന്നു
മന്നവന്മാരെക്കൊണ്ടുപോയവൻ ഗൃഹംപുക്കാൻ
അങ്ങിനെയുള്ള ചോരന്തന്നെ നിഗ്രഹിച്ചുട-
നിങ്ങു മത്സ്വാമികളെക്കൊണ്ടുപോവതിന്നായേ
ആഗ്രഹിച്ചീടുന്നു ഞാനതിനുണ്ടൊരുവിഘ്നം
വിക്രമനിധേയിവിടത്തിലുണ്ടൊരു പുഷ്പം
അപ്പൂവിലുൾപുക്കപോയിടണം പാതാളത്തിൽ
എന്നതിന്നായിട്ടത്രേ സേവിച്ചിതടിയനു-
മിന്നിപ്പോൾ മമ ജന്മസാഫല്യം വന്നുതല്ലോ
നിന്തിരുവടിയുടെ കാരുണ്യംകൊണ്ടു നാഥാ
പോകുന്നേനിനിയെങ്കിൽ ജഗന്നായകാപോററി
എങ്കിലോ നീ ചെന്നുടൻ രാമലക്ഷ്മണർ തന്നെ
കൊണ്ടിങ്ങുപോരുവോളമിവിടെപ്പാർത്തീടുവൻ
സങ്കടംകൂടാതെപോയ് കാര്യവും സാധിച്ചു നീ
സന്തുഷ്ടാത്മനാ വരികെന്നനുജ്ഞയും നൽകി.

പ്രീതനായനിലജൻ ഭാസ്കരപാദാംഭോജം
സാദരം വണങ്ങിപ്പോയ് പാതാളലോകം പുക്കാൻ
വിണ്ണവർപുരംപോലെ വിചിത്രമായുള്ളൊരു
നന്ദനപുരത്തെയും കണ്ടിതങ്ങക്കാലമേ.

ദ്വിതീയപാദം സമാപ്തം.

തൃതീയപാദം.

കളമൊഴിവരികരികിലിന്നിയും,
കമലലോചനൻകഥ പറകെടോ ;
കളിയല്ലേ നിന്റെ വചനം കേൾക്കിലോ
കുളങ്കമെപ്പേരുമകലെപ്പോകുമേ!
കലിതൻ നാശനൻ കമലലോചനൻ
കഥകൾ ശേഷവും പറയാമെങ്കിലോ
ദ്വയയാമം കഴിഞ്ഞളവുമാരുതി
കുഠാരഗോപുരസവിധേ ചെന്നിതു
മതിൽ കടപ്പതിന്നടുത്തതിൻശേഷം
മത് മതിയെന്നു തടുത്തൊരു കപി
മഹിതവിക്രമമുടയതാരിപ്പോൾ
മമ മനോഗതം ത്യജിച്ചുപോവതു,
മതിമാനാകിയ യമൻവരികിലും
മമ മനോഗതം ത്യജിച്ചുപോകുമോ
മതികേടെന്നിയേയിതുനിരൂപിക്കിൽ
മരണംവന്നുടനടുത്തു നിശ്ചയം ;
ഇവ്വപറഞ്ഞുകൊണ്ടിടിക്കുന്നേരുട-
നലറിമാരുതിയൊട്ടുമുട്ടുക്കിനാൻ.
ഒരുത്തുനേരമടുത്തനിലനന്ദനൻ

അതികഠിനമായവനെത്താഡിച്ചാൻ
അടിച്ചാനന്നേരമവനുമവ്വണ്ണം
പിടിച്ചാരമ്പിനോടണഞ്ഞിരുവരും.
ഉടനുടൻ നഖംപതിച്ചുമെയ്കളി-
ലൊലിക്കും ചോരയാലണിഞ്ഞിരുവരും.
വരുന്ന ചോരയും തെറുന്ന ധൂളിയും
പെരുത്തു മെയ്കളിലതുമൊരുരണ്ടം.
പറിച്ചു വന്മരമതുകൊണ്ടും തമ്മി-
ലടിച്ചുവമ്പുള്ള തൊഴിലുകാട്ടിനാർ.
മുറുക്കി വാൽകൊണ്ടു നിലത്തുവീഴ്കയും,
പടിച്ചവണ്ണമേതുടങ്ങി യുദ്ധവും
തളർച്ചകൊണ്ടുമെയ് തളൎന്നിരുവരും,
ചെറുതകലെപ്പൊങ്ങിനാരവർകളും
പരസ്പരം കരബലംനിനച്ചുടൻ
മനസി വിസ്മയമിരുവൎക്കുമുണ്ടായ്.
പെരുവഴിയിതുമുടങ്ങിഫാനിയും,
പിണഞ്ഞിതെന്നുടനുറച്ചുമാരുതി
പെരിയ വിക്രമമുടയതാരിവ-
നിവനെക്കേട്ടുകേളിയുമെന്നിക്കില്ല.
പരിഭവംനിനച്ചു മരനന്ദനൻ
ഹരിവരനായ്പിന്നെയും ജനിച്ചിതോ ?
പരശുരാമനോടൊരു കിരാതനായ്,
പരമേശൻ പണ്ടു പരീക്ഷിച്ചപോലെ,
മമകരബലമറിവതിനുടൻ
മദനവൈരിമായയാവരികയോ
ഇവ പലതരം നിനച്ചുരാഘവ

പദ തളിർമനതളിരിലാക്കിനാൻ.
പരൻ പദാംബുജംഭജിച്ചിരിക്കവെ
പ രമവനുടനൊരുനിനവുണ്ടായ്,
പരിഭവംകളഞ്ഞിവനൊട്ടുനേരെ
പരമാൎത്ഥമറിവതിന്നു ചോദിപ്പൻ
കപിവരാ ഭവാനുടെജനനിയും,
ജനകനാരെന്നുമിവിടെവന്നതും,
പരമാൎത്ഥമുടൻ മറച്ചിടാതുടൻ
പരിഭവംകളഞ്ഞുരചെയ്തീടണം.
രിപുവെന്നോൎത്തു പൊയ് പറഞ്ഞതാകിലോ
അതിദുരിതമുണ്ടതിനെടോസഖെ
ഇവപവനജൻ പറഞ്ഞതുകേട്ടു.
ചെറുതുപുഞ്ചിരികലൎന്നു ചൊല്ലിനാൻ
ജനകനാകുന്നിതെനിക്കുമാരുതി
ജനനിയായതുമകരമാനിനി.
രജനിനായകൻ പുരംപാലിപ്പാനായ്,
വരുണൻചൊൽകയാലിവിടെപ്പാൎക്കുന്നു
പരമാൎത്ഥംതന്നെ പറഞ്ഞതാകിലും
ഹനുമാൻ ബ്രഹ്മചാരിയൊടൊക്കുമെടോ
അവനുസൂനുവായതെങ്ങനെ ഭവാൻ
അതുവഴിയെകേൾക്കേണമെനിക്കെന്നോൻ.
പറയാമെങ്കിലോ ദശമുഖൻ രഘു-
വരൻെറ ഭാൎയ്യയെക്കപടംചെയ്തനാൾ,
കപിവരൻ ചക്രദിശകളിലും പോയ്
തിരഞ്ഞതിൽ പവനജൻ മമപിതാ
സമുദ്രവും കടന്നിതു ലങ്കാപുക്കു

ജനകനന്ദനയ്ക്കുടയാളംനൽകി
രജനിചാരിതൻപുരവുംചുട്ടുടൻ
ഇടിക്കുന്നേരുത്തനലറിവാരിമേൽ
അനിലനന്ദനൻ ഗമിച്ചുതന്നേരം
ജ്വലിച്ചബീജവും ജലത്തിൽവീണിതു
ഭുജിച്ചു മത്സ്യവും ജനിച്ചു ഗർഭവും
അലസിപ്പോകാതെ പ്രസവിച്ചാളെന്നെ
രജനിചാരിതൻ പുരംപാലിപ്പാനായ്,
ഇവിടെപ്പാർക്കുന്നിതറിക വാനരാ
തവ വൃത്താന്തവുമറിവാൻ ചൊല്ലുകെ-
ന്നവനൊടു പവനജനും ചൊല്ലിനാൻ
പരമാർത്ഥമെങ്കിൽ ഹനുമാൻ ഞാനെടോ
മമ തനയൻ നീയതെന്നുവന്നിതും
നമുക്കു നാഥനാം രഘുവരൻതന്നെ
യവരജനൊടും ദശമുഖോക്തിയാൽ
തവ കർത്താവാകുന്നിശാചരൻ വന്നു
നിശയിൽ കൊണ്ടുപോന്നതിന്നുവന്നുഞാൻ
അതുകേട്ടാനന്ദം വളർന്നുമത്സ്യനും,
തവശരീരം കാണ്മാനമെനിക്കെന്നാൻ
മനസി ചാഞ്ചല്യം കളവതിനന്നു
പറഞ്ഞവനു മെയ്തെളിച്ചു കാട്ടിനാൻ
പെരുത്ത മാമലകണക്കെ കായവും
കരുത്തേറീടുന്ന കരചരണവും
കഠിനവജ്രംപോലെതിരടിക്കുമ-
ക്കനുസമം നഖമേകിമുമത്ഭുതം
നയനസൂക്ഷ്മവും തെളിഞ്ഞുകണ്ടപ്പോൾ,

മതിമതിയെന്നു തെരുതെരെച്ചൊന്നാൻ.
ജനകനെന്നുറച്ചധികം ഭക്തിപൂ-
ണ്ടനിലനന്ദനനമ്പോടു വണങ്ങിനാൻ
അറിയാതെചെയ്ത പരിഭവം നിന-
ച്ചധികദുഃഖവുമവനുവന്നിതു.
കഠിനമായുമകരചരണങ്ങൾ
തവ ശരീരത്തിൽ പ്രഹരിച്ചുവല്ലോ ;
ശിവ ശിവ കഷ്ടമതിനു യോഗം വ-
ന്നതു നിനച്ചാലിന്നതീവദുഷ്ടൻ ഞാൻ.
ഭുവനത്തിലിനിയിരിക്കയില്ല മൽ-
ജനകനെ ഞാൻ പ്രഹരിക്ക കാരണാൽ
ഇവ പലതരം പറഞ്ഞു കേഴുന്ന
തനയനെപ്പുണൎന്നരചെയ്തീടിനാൻ
മതിമതി ഖേദം മമ തനയാ കേൾ
മതിമാനെന്നതുമിഹ ധരിച്ചു ഞാൻ
അറിയാതെ ചെയ്യും പിഴകൾക്കൊന്നിനും
കുറവുവരായെന്നറിഞ്ഞതില്ലെന്നീ
അതിനൊരു വൃത്താന്തവും പറഞ്ഞീടാം
അരവിന്ദേക്ഷണരഥവിഹംഗജൻ
ജനനീദാസ്യത്തെയൊഴിച്ചുകൊള്ളുവാൻ
അമരലോകത്തിലമൃതിനു പോമ്പോൾ
പെരുത്ത ദാഹമോടൊരു നദിപുക്ക
ജലംകുടിക്കുന്ന നേരമൊരു വിപ്രൻ
അകപ്പെട്ടാനതുധരിച്ചില്ലേതുമേ
ഖഗേശ്വരൻതന്റെ ജനനിചൊല്ലിയോ-
രടയാളമുണ്ടായവനുമപ്പൊഴെ,

പുറത്തയച്ചവിപ്രനെത്തനയാ കേൾ,
അറിയാതെചെയ്ത പിഴപൊറുക്കെന്ന-
ങ്ങഭയമായ് ദ്വിജൻ പദം വണങ്ങിനാൻ
അതുകേട്ടൊരു വേദിയനും ചൊല്ലിനാ-
നിതുകൊണ്ടു ദോഷം നിനക്കകപ്പെടാ.
അറിയാതെചെയ്യും പിഴകൾക്കൊന്നിനും
ദുരിതമില്ലെന്നു വിരിഞ്ചകല്പിതം
മതിമാനാം നിനക്കിതിനു ദോഷമില്ല-
മരലോകത്തു ഗമിക്കയെന്നെല്ലാം
അതിമോദംപൂണ്ടു ഗരുഡനു വിപ്രൻ
പദം വണങ്ങിപ്പോയ് സുരാലയംപുക്കാൻ
അമരരെജ്ജയിച്ചമൃതുകൊണ്ടുവ-
ന്നഹികുലങ്ങൾക്കു കൊടുത്തു ദാസ്യവും
ഒഴിച്ചു പീയൂഷം തിരിച്ചു കൊണ്ടുപോയ്
അമരനു നൽകിപ്പരിഭവം തീർത്താൻ.
ഇതുപോലെ പല ജനങ്ങൾക്കിങ്ങനെ
അറിയാതെ കണ്ടിട്ടകപ്പെട്ടിട്ടുണ്ടു്.
ഇതി പല കഥ പറഞ്ഞു തന്നുടെ
സുതൻെറ ദുഃഖവുമൊഴിച്ചു മാരുതി
നിശിചരേശനെത്തിരവതിന്നായി
നിശിചരപുരിയകത്തു പുക്കിതു.

തൃതീയപാദം സമാപ്തം.

ചതുൎത്ഥപാദം.

എന്തുചൊല്ലാവതു ചിത്രമത്രേ തുലോം
ചെന്താമരാക്ഷന്റെ ലീലകൾ ശാരികേ!
സന്തോഷമാൎന്നാരു ചൊല്ലുകെന്നിങ്ങനെ
വഞ്ചിഭൂപാലകൻ കേരളവൎമ്മന്റെ
പുഞ്ചിരിയും ബഹുമാനവും ഭക്തിയും
കണ്ടു കിളി മകൾ ചൊല്ലിനാൾ ശേഷവും
പഞ്ചബാണാരിതൻ നന്ദനൻ മാരുതൻ
തന്നുടെസൂനുവായോരു കപീശ്വരൻ
നന്ദനൻ തന്നുടെ ദുഃഖവും പോക്കീട്ടു-
മന്ദേതരമതിലുൾപ്പുകുന്തീടിനാൻ.
ക്രൂരിരുട്ടാകയാലേതും തെരിയാഞ്ഞു്,
പാരമുഴന്നുനിന്നീടും ദശാന്തരെ
വൃദ്ധയായോരു നിശാചരമാനിനി
കുംഭവുമായ് ജലംമുക്കുവാനായവൾ
സംഭ്രമിച്ചുമ്പോട്ടു ബാഷ്പവും വാൎത്തുടൻ
ഗൽഗദവാചാ പറഞ്ഞുനിന്നീടിനാൾ.
എന്തൊരുദുഷ്കൃതമോൎത്തുകണ്ടോളവും
നന്ദനനൊന്നേ പുനരെനിക്കുള്ളവൻ
തന്നെയും കൊല്ലുവാനായ് തുനിഞ്ഞുശഠൻ
അന്യപുമാന്മാരിരുവരെയും ചെന്നു
നിദ്രയിൽ കൊണ്ടുപോന്നീടിനാൻ കശ്മലൻ
മന്മഥസുന്ദരന്മാരവരെക്കണ്ടാൽ
പ്രേതാധിപനും വധിക്കയില്ലെന്നുമേ.
ഇത്ഥം പറഞ്ഞു കരഞ്ഞുനടക്കുന്ന
വൃദ്ധയെക്കണ്ടുചോദിച്ചു പവനജൻ.

എന്തുജനനീയതീയദുഃഖത്തോടും
സന്തതം ചൊല്ലുന്നതെന്തഹോ ചൊല്ലുനീ.
എങ്കിലോയീഭൂമിനായകനെന്നുടെ
നന്ദനൻതന്നെയും മററിരുവരെയും,
പുത്രോൽഭവത്തിനായ് ഭദ്രകാളിക്കവൻ
നേർച്ചനൽകീടുവാൻഭാവിച്ചിരിക്കുന്നു.
ഭക്തമവൎക്കുകൊടുപ്പതിന്നായ്ക്കൊണ്ടു
കുംഭവുമായ്ഞാൻ ജലത്തിന്നുപോകുന്നു.
സങ്കടമിന്നതുതന്നെപറഞ്ഞതു
പങ്കജലോചനൻ കല്പിതമൊക്കവെ.
ഇത്തരംകേട്ടുതെളിഞ്ഞു പവനജൻ
ഉത്തരമായിട്ടവളോടു ചൊല്ലിനാൻ.
മൽസ്വാമിമാരവരെക്കൊണ്ടുപോവതി-
നിപ്പോളിവിടേക്കുവന്നിതു ഞാനെടോ!
അസ്ഥലന്തന്നിൽനീയെന്നെയാക്കീടുകിൽ
നിന്മകന്തന്നെ ജീവിപ്പിച്ചുകൊള്ളുവൻ
ദുഷ്ടനെശ്ശീഘ്രംവധിച്ചുകളഞ്ഞുടൻ
തൽസുതന്തന്നെ രാജാവാക്കി വാഴിപ്പൻ
അങ്ങിനെതന്നെയതെങ്കിലുമങ്ങതി
നെങ്ങിനെ നിന്നെഞാൻ കൊണ്ടുപോയീടുന്നു
ഗോപുരവാതിൽ കാത്തീടും നിശാചര-
ജാതികളുണ്ടുറങ്ങാതങ്ങുനിൽക്കുന്നു.
എങ്കിലതിനൊരുപായംപറവൻ ഞാൻ
കുംഭത്തിലുറപ്പുക്കിരുന്നുകൊണ്ടീടുവൻ.
ഓൎത്താൽ വിഷമമതിനുണ്ടുകേൾക്കെടോ-
ത്തുക്കീടണം ജലം ഗോപുരാന്തേചെന്നാൽ.

ഉ ഗോപുരവാതിൽ കാത്തീടും നിശാചര-
രല്ലാതകത്തയച്ചീടുകില്ലന്നുമേ,
കുംഭവും വെള്ളവും തൂക്കിയാലെങ്കിൽ
ഛിദ്രമാകും കുറഞ്ഞീടുകിലും ക്ഷണാൽ.
ഇത്ഥം വിചിത്രവാക്യംകേട്ടു മാരുതി
സത്വരമുത്തരം മെല്ലവേ ചൊല്ലിനാൻ.
എങ്കിലതിന്നൊരുപായം പറവൻ ഞാൻ
മണ്ഡൂകവേഷേണ പുക്കിരുന്നീടുവൻ
എങ്കിലതാമെന്നു ചൊന്നാൾ വിചിത്രയും
കുംഭത്തിലുൾപുക്കിരുന്നു കപീന്ദ്രനും,
അംഭസ്സുമുക്കിയെടുത്തുടൻ ഗോപുര-
വാതിലകത്തു ഗമിച്ചിതു വൃദ്ധയും ;
ഗോപുരരക്ഷികളപ്പോൾ ജലകുംഭ-
മന്ധോട്ടുതൂക്കീട്ടു ഭേദംവരാഞ്ഞവർ
പാനീയവുംകൊണ്ടു കോയിലകംപുക്ക
മാരുതിതാനും ഭുവിയിറങ്ങീടിനാൻ.
ബാലകന്മാർ മരുവീടുന്ന നാടക-
ശാലയിലന്ധോട്ടു ചെന്നു പുക്കീടിനാൻ.
എന്തൊന്നുവേണ്ടതിനിയെന്നു ചിന്തിച്ചു
സുന്ദരമായോരു വാനരപ്പൈതലായ്,
സന്തോഷമോടവർ സന്നിധൌ നിന്നുടൻ
മന്ദമന്ദം വിളയാടിത്തുടങ്ങിനാൻ.
ചാടിയുമോടിയും വീണുരുണ്ടും പുന-
രോരോതരം ലീല കാട്ടുന്നതുനേരം,
രാക്ഷസഭാര്യ്യസരമയോടന്നേരം,
ആശ്ചര്യമോദേന പൈതങ്ങൾ ചൊല്ലിനാർ.

നമ്മുടെരാജാവു കൊണ്ടുവന്നുള്ളോരു
മന്മഥസുന്ദരന്മാരുടെ സന്നിധൌ,
സന്തോഷമോടു കളിക്കുന്നോരു കപി-
പ്പൈതലതീവമനോഹരനെത്രയും ;
കൊണ്ടിങ്ങുപോന്നീടുകിൽ തവനിത്യവു-
മുണ്ടു കളികാണ്മതിന്നോരു കൌതുകം.
ഇത്ഥമവർപറഞ്ഞോരുനേരത്തവർ
ഭൎത്താവിനോടു മോദേനചൊല്ലീടിനാർ.
കാന്താ ഭവാൻ കൊണ്ടുവന്നോരു പൈതങ്ങൾ
സന്നിധൌവുണ്ടുപോലിന്നൊരു വാനരൻ
സന്തുഷ്ടനായ് കളിച്ചീടുന്നവനെനീ
ബന്ധിച്ചുകൊണ്ടന്നെനിക്കുനൽകീടണം.
സന്തുഷ്ടചേതസാ ലീല കണ്ടീടുവാ-
നന്തൎഗ്ഗതമെനിക്കെന്നതുകേട്ടവൻ
എത്തിയണഞ്ഞുപിടിപ്പാൻ തുടൎന്നപ്പോൾ
ഓടുവാൻ ഭാവിച്ചു മാരുതപുത്രനും,
ഓടിയണഞ്ഞു പിടിപ്പാൻ തുടൎന്നപ്പോൾ
ക്രുദ്ധനായെന്നിന്നിതു വായുതനയനും,
മാരുതിതന്നുടെ വാൽകൊണ്ടുചുററിനാൻ
പാരിച്ചുരോഷേണ രാക്ഷസൻ തന്നെയും,
ചുററിമുറുക്കിയടിച്ചുളുവന്നിയിൽ
പെട്ടെന്നു മുഷ്ടികൾകൊണ്ടിടിച്ചീടിനാൻ.
കഷ്ടമാഹന്തകഷ്ടം ! കപിതന്നെയും,
മുഷ്ടിചുരുട്ടിപ്രഹരിച്ചു രാക്ഷസൻ.
ബദ്ധരോഷേണ മരത്തെപ്പറിച്ചുടൻ
പത്തുംകളഞ്ഞു പരസ്പരം തങ്ങളിൽ
എത്രയും ഘോരമായ് തല്ലിയും വാങ്ങിയും,

നീങ്ങിയും നീങ്ങാതെനിന്നു പൊരുകയും,
വങ്ങിത്തടുക്കയും തുങ്ങിയടുക്കയും,
വട്ടംചുഴന്നു പരസ്പരം ചെയ്യുന്ന
യുദ്ധപരാക്രമമെത്രയുമത്ഭുതം.
സിംഹവുമാനയുമേററകണക്കിനെ
സിംഹനാദങ്ങളും ചെയ്തുചെയ്തങ്ങനെ,
രണ്ടുസമുദ്രങ്ങൾ തമ്മിൽ പൊരുമ്പോലെ
രണ്ടുശൈലങ്ങൾ തമ്മിൽ പൊരുമ്പോലെയും,
ഇക്കണക്കുള്ള യുദ്ധം പറഞ്ഞീടുവാൻ
നാവിനു വൈദഗ്ദ്ധ്യമില്ലെനിക്കേതുമേ!
കാലനും കാലകാലന്താനുമുള്ള പോർ
മാരുതരാക്ഷസപ്പോരിനൊവ്വാദൃഢം
ഇത്ഥമവർപൊരുന്നദ്ദശയാം വായു-
പുത്രൻ വിഭീഷണവാക്യം നിരൂപിച്ചാൻ.
ചുററിമുറുക്കിയടിച്ചു ഭുവനിയിൽ
പെട്ടെന്നു പത്തുനൂററാത്താൻ കപിവരൻ.
തല്ലുകൊണ്ടെല്ലുനുറുങ്ങി ഭുവനിയിൽ
പെട്ടെന്നു മോഹിച്ചു വീണിതു രാക്ഷസൻ.
മോഹംകലർന്നുകിടക്കുന്നവനുടെ
ജീവൻ കളവതിനായ്ക്കൊണ്ടുവാതജൻ
അഷ്ടമഹാഗിരികൊണ്ടവൻെറയുടൽ
പൊട്ടുമാറമ്പോടടിച്ചാൻ കപിവരൻ.
ദുഷ്ടൻെറ കായത്തിനുള്ളിലെ വണ്ടുകൾ
എട്ടും മരിച്ചിതന്നേരം വിധിവശാൽ.
ഷൾപദജാലം മരിച്ചനേരത്തവൻ
അമ്പോടുപുക്കിതു ധർമ്മരാജാലയം.

രാക്ഷസസ്ത്രീകൾ മുറവിളിച്ചീടിനാർ.
താതാസഹോദരാനന്ദനാവല്ലഭാ
നാഥാ നമുക്കവലംബമാരയ്യോ!
പുത്രമിത്രാൎത്ഥഭൃത്യാദിജനത്തെയും,
യുദ്ധേകൃതാന്തനുനൽകിയതുകൊണ്ടും,
തൃപ്തിവരാഞ്ഞിവിടത്തിനുവന്നവൻ
മിത്രഭാവേന ചതിച്ചിതു ഞങ്ങളെ.
ദുഷ്കൎമ്മികൾക്കുപകാരമായ് ചെയ്കിലോ
ഇക്കണക്കാപത്തുവന്നീടുമേവനും;
ഇത്ഥം പുരസ്ത്രീജനത്തിൻ വിലാപവും
ഒക്കവെ കേട്ടു മോദംപൂണ്ടു മാരുതി
മുന്നേ പറഞ്ഞവണ്ണം വിചിത്രാത്മജൻ
തന്നെ രാജാവാക്കിവെച്ചാൻ പവനജൻ
ശേഷിച്ച രാക്ഷസരോടും തരുണിമാ-
രോടുമവനഭിഷേകവും ചെയ്തിതു.
ദുഷ്കൎമ്മമൊന്നുമൊന്നാചരിച്ചീടാതെ,
സ്വസ്ഥനായ് തൽക്ഷണമിപ്പുരത്തിൽ ഭവാൻ
വിഷ്ണുപദാംഭോജമമ്പിൽ ഭജിച്ചുകൊ-
ണ്ടത്രവസിക്കെന്നനുജ്ഞനൽകീടിനാൻ.
കൂടെ ഗ്ഗമിപ്പാൻ തുനിഞ്ഞു നിന്നീടുന്ന
നന്ദനൻ തന്നെത്തഴുകിപ്പറഞ്ഞിതു.
ആടൽകൂടാതെയിവനുസഹായമായ്
മിത്രഭാവത്തോടിവിടെ വസിക്കനീ.
ശത്രുക്കൾ വന്നെതൃത്തീടുന്നതാകിലോ
ശക്തിയിവനുതന്നെമതിയാസ്പരാ,
ഇത്ഥം പറഞ്ഞു ബോധിപ്പിച്ചവനെയു-

മക്കണക്കാക്കിവെച്ചാൻ പവനാത്മജൻ.
ദുഃഖമെല്ലാവർക്കുമൊക്കെയൊഴിച്ചുപോയ്-
ചക്രപാണിപാദം വീണുവണങ്ങിനാൻ.
ഇക്കണക്കുണ്ടായ വൃത്തങ്ങളൊക്കെയും,
താനറിഞ്ഞില്ലെന്നപോലെ രഘുവരൻ
മായയെക്കൊണ്ടു തൻസോദരൻതന്നെയും,
നേരെ മറച്ചു ഭുവനതലം തന്നിൽ
വ്യാജേന നിദ്രയും പൂണ്ടുകിടക്കുന്ന
രാമപാദാംബുജം വീണുവണങ്ങിനാൻ.
വ്യാജമെന്നുള്ളതുമേതുമേതോന്നീല
മായയെക്കൊണ്ടു മറച്ചുകളകയാൽ
മാരുതിയും രാമസൌമിത്രിമാരെയും
മോദമോടേ കരതാരതിൽ വെച്ചുടൻ
പാതാളലോകത്തുനിന്നു സരസിജ-
വാതിൽകടന്നു ഭുവനിയിൽ പുക്കുടൻ,
വാസരാധീശ്വരനോടു വൃത്താന്തവും,
പാരാതറിയിച്ചു നേരത്തു സൂര്യനും,
വേഗാലവിടുന്നു പോയ്മറഞ്ഞീടിനാൻ.
മോദാലവിടുന്നു പോയീകപീന്ദ്രനും;
മുന്നമെപ്പോലെ രഘുവരൻതന്നെയും,
തമ്പിയേയും കൊണ്ടുവെച്ചുപവനജൻ
വൃത്താന്തമെല്ലാം വിഭീഷണൻ തന്നോടു-
മർക്കാത്മജനോടുമെല്ലാമറിയിച്ചു,
സന്തോഷമോടതു കേട്ടോരു മാരുത-
നന്ദനൻതന്നെ മുറുകെപ്പുണർന്നിതു.
നിന്നെക്കണക്കൊരു വീരരില്ലെങ്ങുമെ

മംഗലാത്മാവേ! ജഗൽപ്രാണനന്ദനാ!
മററുള്ള വാനരവീരരും മാനിച്ചു
മാരുതിക്കാശിയുമേകീ ബഹുവിധം.
സൂൎയ്യനുമപ്പോളുദിച്ചു സൂൎയ്യാത്മജ-
നോടു വിഭീഷണൻ രാമപദാംബുജം
വന്ദിച്ചു മററുള്ള വാനരവീരരും
നന്ദിച്ചുനിന്നിതു മോദാലവൎകളും,
രാമനുമപ്പോളുണൎന്നു സൗമിത്രിയും,
വേഗേന വന്ദിച്ചിതഗ്രജൻതൻപദം
ശ്രീരാമദേവനും വാനരവീരരെ
മോദേനനോക്കിയരുൾചെയ്തിതന്നേരം.
ക്ഷീണഭാവംകലൎന്നീടുവാനെന്തൊരു
കാരണം നിങ്ങൾ വെടിഞ്ഞിതോ നിദ്രയെ
നേരേപറകെന്നുകേട്ടു വിഭീഷണൻ
വന്ദിച്ചു വൃത്താന്തമൊക്കെയറിയിച്ചു
രാത്രിഞ്ചരേന്ദ്രന്റെ മായയും മാരുത-
നന്ദനൻ ചെയ്തോരുവീൎയ്യവും കേട്ടുടൻ
പുഞ്ചിരിപൂണ്ടനുമാനെവിളിച്ചുട-
നാലിംഗനത്തെയും ചെയ്തിതുരാഘവൻ,
വിക്രമശാലിയാംനീയിഹ ഞങ്ങളെ
രക്ഷിച്ചുകൊണ്ടതു കാരണമിന്നുഞാൻ
എന്തൊന്നഭീഷ്ടമെന്നാലതു നൽകുവൻ
ചിന്തിച്ചുചൊൽകെന്നതുകേട്ടു വാതജൻ
സന്തോഷവാരിയിൽ മുങ്ങിനിവൎന്നുടൻ
ചെന്താമരാക്ഷനെ വന്ദിച്ചുചൊല്ലിനാൻ.
നിന്നുടെ കാരുണ്യമുണ്ടാകകൊണ്ടുഞാ-

നിങ്ങനെ വേലചെയ്യുന്ന കൃപാനിധേ
കാണിനേരം നിൻ കടാക്ഷമില്ലെങ്കിലോ,
വാനരകീടമായ് വന്നുകൂട്ടുംദ്ധ്രുവം,
നിന്നുടെകാരുണ്യമിന്നിയും മേൽക്കമേ-
ലുണ്ടാകവേണമേ നാഥ കൃപാനിധേ !
കല്പാന്തകാലാന്തരത്തോളം നാമവു-
മെൻ ചെവികൊണ്ടുകേൾപ്പാൻ കടാക്ഷിക്കണം.
അങ്ങനെതന്നെവരികെന്നനുജ്ഞയു-
മഞ്ജനാപുത്രനു നൽകി രഘൂത്തമൻ.
സൂര്യനമപ്പോളുദിച്ചുപൊങ്ങീടിനാൻ
രാമനാശംവന്നിതെന്നോർത്തിരിക്കവെ,
രാമസൌമിത്രിമാരെക്കണ്ടുഭീതനായ്,
രാവണൻ പാതാളലോകമകംപുക്ക
നേരത്തു മാരുതിചെയ്ത പരാക്രമം,
കൈയ്യും നേരെദ്ധരിച്ചുടനേ ലങ്ക-
പുക്കിതു യോഗവും രാമശരമേററു
സ്വർഗ്ഗം ഗമിപ്പതിന്നെത്തുമെന്നോർത്തവൻ
പൂർണ്ണകോപേന രാമാദികളോടുടൻ
പോരിനായ്ക്കൊണ്ടു പുറപ്പെട്ടിതന്നേരം.

ചതുർത്ഥപാദം സമാപ്തം.

ഇതിപാതാളരാമായണം സമാപ്തം.

ശ്രീചിത്രാവലി.

൧. രാമാശ്വമേധം.

൨. കപിലോപാഖ്യാനം.

൩. പാതാളരാമായണം.